**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 869** **06-02-2023 - ൽ മറുപടിയ്ക്ക്**

**മേലുകാവ് പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പാലാ നിയോജകമണ്ഡലത്തിലെ മേലുകാവ് പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | **പാലാ നിയോജകമണ്ഡലത്തിലെ മേലുകാവ് പഞ്ചായത്തിൽ ഈ സാമ്പത്തിക വർഷം പട്ടിക ജാതിക്കാരുടെ ഉന്നമനത്തിനായി പഠന മുറികളുടെ നിർമ്മാണം, ഭവനനിർമ്മാണം, സേഫ് പദ്ധതി, വിവാഹ ധനസഹായം, വിദ്യാഭ്യാസത്തിനായുള്ള ധനസഹായം തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തിയുള്ള വികസന വിദ്യാഭ്യാസ ക്ഷേമപ്രവർത്തനങ്ങൾ നടന്നു വരുന്നു.**<br><br>**പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പാല നിയോജക മണ്ഡലത്തിലെ 2 ഗുണഭോക്താക്കൾക്ക് മരംമുറി മെഷീനും 3 ഗുണഭോക്താക്കൾക്ക് പുല്ലുവെട്ട് മെഷീനും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത വിഭാഗക്കാരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും മറ്റുമുള്ള ആനുകൂല്യങ്ങൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള 2021-22 സാമ്പത്തിക വർഷത്തെ വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം പൂർത്തീകരിച്ചിട്ടുള്ളതാണ്. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട് പരിഷ്കരിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2022-23 സാമ്പത്തിക വർഷത്തെ സ്കോളർഷിപ്പ് വിതരണം നടത്തി വരുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർ ഷിപ്പുകൾക്കുള്ള ക്ലെയിമുകൾ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിച്ചു വരുന്നുണ്ട്. യഥാസമയം സ്കോളർഷിപ്പ് ലഭിക്കാത്ത കുട്ടികൾക്ക് അവ നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ